# അന്വേഷണം നടക്കട്ടെ

**ബഹുസ്വര** സമൂഹങ്ങളിൽ വ്യത്യസ്ത മത-ജാതി വിഭാഗങ്ങളിൽപെട്ട യുവതീ യുവാക്കൾ പ്രണയബദ്ധരാവുക അപൂർവമല്ല. അവരെ ആ ബന്ധത്തിൽനിന്ന് പിന്തിരിപ്പിക്കാൻ രണ്ടു കക്ഷികളുടെയും കുടുംബങ്ങൾ പരമാവധി ശ്രമിക്കുന്നതും സാധാരണമാണ്. ചിലപ്പോൾ ശ്രമം വിജയിക്കുകയില്ല. കമിതാക്കൾ കുടുംബങ്ങളുടെ എതിർപ്പിനെ അവഗണിച്ച് വിവാഹിതരാകുന്നു. കുടുംബത്തിന്റെ എതിർപ്പിനെ മറികടക്കാനോ പ്രേമത്തിൽനിന്ന് പിന്തിരിയാനോ കഴിയാത്തവർ ഒളിച്ചോടുന്നു. പെൺകുട്ടിയുടെ, ചിലപ്പോൾ ആൺകുട്ടിയുടെയും രക്ഷിതാക്കൾ മക്കളെ കണ്ടെത്താൻ പോലീസിന്റെയും കോടതിയുടെയും സഹായം തേടുന്നു. മകൾ പണവും പണ്ടവുമെടുത്ത് കാമുകന്റെ കൂടെ പോയതാണെന്ന് ഉറപ്പുണ്ടെങ്കിലും തട്ടിക്കൊണ്ടുപോയി എന്നായിരിക്കും പരാതി. അങ്ങനെ കാമുകൻ 'തട്ടിക്കൊണ്ടുപോയ ഗുണ്ടയും' കാമുകി 'ഇരയു'മായി കോടതിയിൽ ഹാജരാക്കപ്പെടുന്നു. അപ്പോഴും മനംമാറ്റം ഉണ്ടായിട്ടില്ലാത്ത യുവതികൾ വാശിപിടിച്ച് കാമുകന്റെ കൂടെ പോകുന്നു. മനസ്സ് പതറിയവർ രക്ഷിതാക്കളുടെ കൂടെയോ റസ്ക്യൂഹോമിലേക്കോ അയക്കപ്പെടുന്നു. അത് രക്ഷിതാക്കളുടെ സോഷ്യൽ സ്റ്റാറ്റസിനെയും പണം മുടക്കിനെയും അഭിഭാഷകരുടെ മിടുക്കിനെയും കോടതിയുടെ വിവേചനാധികാരത്തെയും ആശ്രയിച്ചിരിക്കുന്നു. ഇതിലൊന്നും രണ്ടു കക്ഷികളുടെയും മതത്തിനോ സമുദായത്തിനോ കാര്യമില്ല.

മിശ്ര വിവാഹത്തിലേർപ്പെടുന്ന ചില ദമ്പതികൾ അവരവരുടെ മതത്തിൽതന്നെ തുടരുന്നു. അവരുടെ മക്കൾക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകുന്നു. ചിലർ രണ്ടു മതവും വെടിഞ്ഞ് 'മതമില്ലാത്ത ജീവനു'കളായി വാഴുന്നു. മുസ്‌ലിം ഭർത്താവും, നേരെ മറിച്ചുമുള്ള ദാമ്പത്യങ്ങൾ പല സ്ഥലങ്ങളിലും കാണാം. ഹിന്ദു ക്രിസ്ത്യൻ, ക്രിസ്ത്യൻ മുസ്‌ലിം ദാമ്പത്യവും ഇപ്രകാരം തന്നെ. പണ്ഡിതന്മാരും പാമരന്മാരും നേതാക്കളും നീതരും എല്ലാം ഇക്കൂട്ടത്തിലുണ്ട്. നമ്മുടെ എം.എൽ.എമാരിലും മന്ത്രിമാരിലും മന്ത്രി മക്കളിലുമൊക്കെ പലരുടെയും ദാമ്പത്യം ഇത്തരത്തിലാണ്. അതൊക്കെ അവരുടെ സ്വാതന്ത്ര്യം. ദമ്പതികളിലൊരാൾക്ക് മറ്റേയാളുടെ മതത്തിലേക്ക് മാറാനുള്ള സ്വാതന്ത്ര്യവും ഭരണഘടന ഉറപ്പ് നൽകിയ വ്യക്തിസ്വാതന്ത്ര്യത്തിൽ പെടുന്നു. ഏതെങ്കിലുമൊരു മതസമൂഹത്തിൽ കുടുംബത്തിന്റെ വേരു പിടിപ്പിക്കണമെന്നാഗ്രഹിക്കുന്നവർ ഈ സ്വാതന്ത്ര്യം ഉപയോഗിക്കുന്നു. ഭർത്താവിന്റെ മതം ഭാര്യ സ്വീകരിക്കുകയാണ് അധികവും കണ്ടുവരുന്നത്. അപൂർവമായി മറിച്ചുമുണ്ട്. ഈ മതംമാറ്റങ്ങളിലും മാറിയ മതത്തിനോ മാറ്റപ്പെട്ട മതത്തിനോ അവയുടെ സമുദായങ്ങൾക്കോ കർതൃത്വമില്ല. നടേ സൂചിപ്പിച്ച പോലെ തങ്ങളിലൊരാൾ പാരമ്പര്യ മതവും ജാതിയും വിട്ടുപോകുന്നത് ഒരു കുടുംബവും ഇഷ്ടപ്പെടുന്നില്ല. അവരത് തടയാൻ നോക്കുന്നു. നോക്കിക്കോട്ടെ, അതവരുടെ കാര്യം. സമുദായങ്ങൾ അതിലിടപെട്ടുകൂടാ. ഇടപെട്ടാൽ മതസ്പർധയും സാമുദായിക സംഘർഷവും വളരുകയായിരിക്കും ഫലം. ഈ വസ്തുത തീരെ അവഗണിച്ചുകൊണ്ട്, നമ്മുടെ പത്രങ്ങളും ചാനലുകളും നേതാക്കളും ഈയിടെയുണ്ടായ ചില സംഭവങ്ങളിൽ പ്രകോപനപരമായി ഇടപെട്ടുകൊണ്ടിരിക്കുന്നത് ഉത്കണ്ഠാജനകമാണ്.

ക്രൈസ്തവ മിഷനറി പോലെയോ ഹിന്ദുത്വത്തിലെ ഘർവാപസി, ശുദ്ധി പ്രസ്ഥാനങ്ങൾ പോലെയോ മുസ്‌ലിം സമുദായത്തിന് ദേശീയമോ അന്തർദേശീയമോ ആയ മതപരിവർത്തന സ്ഥാപനങ്ങളില്ല. ഹിന്ദുമതത്തിൽനിന്ന് ക്രിസ്തുമതത്തിലേക്കാണ് ഇന്ത്യയിൽ മത

പരിവർത്തനം കൂടുതലായി നടക്കുന്നത് എന്ന് പറയപ്പെടുന്നു. ഇവിടത്തെ മുസ്‌ലിം സമുദായം വളരെ ദരിദ്രമാണ്. വേണമെന്നു വെച്ചാൽ പോലും ആളുകളെ പ്രലോഭിപ്പിച്ചും പ്രീണിപ്പിച്ചും മതം മാറ്റാൻ അവർക്കാവില്ല. സ്വയം പഠിച്ചറിഞ്ഞ് തീരുമാനിച്ചവരാണ് ഇസ്‌ലാമിലേക്ക് കടന്നുവരുന്നത്. ഇന്ത്യയിൽ മാത്രമല്ല, ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കയിലുമൊക്കെ അങ്ങനെ സത്യാന്വേഷകർ ഇസ്‌ലാം സ്വീകരിക്കുന്നുണ്ട്. മതംമാറുന്ന യുവതീയുവാക്കൾക്കും വേണം ദാമ്പത്യവും കുടുംബജീവിതവുമൊക്കെ. അതിനവർ പുതുതായി സ്വീകരിച്ച മതവിഭാഗത്തിൽനിന്ന് ഇണകളെ തെരഞ്ഞെടുക്കുന്നത് തികച്ചും സ്വാഭാവികമാണ്. യൂറോപ്പിലും അമേരിക്കയിലും അത് മുറക്ക് നടക്കുന്നുണ്ട്. മതപരിവർത്തനം ചെയ്തവരുമായി ദാമ്പത്യത്തിലേർപ്പെടുന്നത് ക്രിമിനൽ കുറ്റമായി വ്യാഖ്യാനിക്കുന്ന വിചിത്രമായ പ്രവണത അവിടെയെങ്ങുമില്ല. മതപരിവർത്തനത്തെയും തീവ്രവാദത്തെയും ഭീകരതയെയും കള്ളപ്പണത്തെയും കരിഞ്ചന്തയെയുമെല്ലാം കൂട്ടിക്കെട്ടി യുദ്ധകാഹളം മുഴക്കുന്ന അത്യുന്നത ജീവികളുമില്ല. ക്രിസ്തുമതത്തിൽനിന്ന് ചിലർ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുന്നതിൽ കലശലായ അസ്വസ്ഥതയുള്ളവർ യൂറോപ്പിലും ഉണ്ട്. അവർ പക്ഷേ മതംമാറ്റത്തെ തടയാൻ നോക്കുന്നത് ഇസ്‌ലാമിന്റെ ദോഷങ്ങളെന്ന് അവർ കരുതുന്ന കാര്യങ്ങൾ പ്രചണ്ഡമായി പ്രചരിപ്പിച്ചുകൊണ്ടാണ്. അല്ലാതെ മതംമാറുന്നവരുടെ വിവേചന ബോധത്തെയും വ്യക്തിത്വത്തെയും അവമതിച്ചുകൊണ്ടും മുസ്‌ലിം സമുദായത്തെയും അവരുടെ മതമൂല്യങ്ങളെയും നിന്ദിച്ചുകൊണ്ടുമല്ല. അമേരിക്കൻ സമൂഹത്തിൽനിന്ന് ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുന്നവരെക്കുറിച്ച് -അവരിലെ സ്ത്രീകളെക്കുറിച്ച് വിശേഷിച്ചും- പല പഠനങ്ങളും നടന്നിട്ടുണ്ട്. അക്കൂട്ടത്തിലൊന്നാണ് കരോൾ ആൽവിൻ എന്ന ക്രിസ്ത്യൻ വനിത രചിച്ച 'ഡോട്ടേഴ്സ് ഓഫ് അനതർ പാർട്ട്' എന്ന പുസ്തകം. ഇതിന്റെ മലയാള വിവർത്തനം 'ഇസ്‌ലാം എന്റെ ലോകത്തേക്ക്' എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. അവയൊന്നും ഇസ്‌ലാമിലേക്ക് മാറിയവർക്കും മുസ്‌ലിം സമുദായത്തിനുമെതിരെ അമാന്യവും വിദ്വേഷജന്യവുമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നില്ല. നമ്മുടെ സമൂഹത്തിൽ ധർമ നീതികളുടെ അത്യുന്നത കേന്ദ്രങ്ങളിൽനിന്നു പോലും 'ലൗ ജിഹാദ്', 'റോമിയോ ജിഹാദ്' പോലുള്ള മതസ്പർധ വമിക്കുന്ന 'ഹിറ്റു' പ്രയോഗങ്ങൾ നിസ്സങ്കോചം ഉദീരണം ചെയ്യപ്പെടുന്നത് പ്രതിഷേധാർഹം മാത്രമല്ല, ലജ്ജാവഹവുമാണ്.

ദലിതുകൾ മതംമാറിയാൽ അത് പണം കൊടുത്ത് പ്രലോഭിപ്പിച്ചിട്ട്, അല്ലാത്തവർ-വൃദ്ധജനങ്ങളാണെങ്കിൽ പോലും- മാറിയാൽ കപട പ്രണയത്താൽ വശീകരിച്ചിട്ട് എന്ന് കണ്ണടച്ചു വിധിക്കുന്നവർ യഥാർഥത്തിൽ ചെയ്യുന്നത് മതപരിവർത്തനം ചെയ്യുന്നവരുടെ വ്യക്തിത്വത്തെയും മതങ്ങളെയും അവഹേളിക്കുകയാണ്. മതംമാറിയവരെ അപമാനിച്ചും കൽതുറുങ്ക് കാട്ടി ഭീഷണിപ്പെടുത്തിയും പൂർവമതത്തിലേക്ക് മടക്കുന്നതും ബലാൽക്കാരമുള്ള മതപരിവർത്തനം തന്നെയാണ്. യാഥാർഥ്യങ്ങളെ നേരിടാനാവാത്ത ഭീരുക്കൾ ഇത്തരം കാപട്യങ്ങളനുവർത്തിക്കുന്നത് മനസ്സിലാക്കാം. പക്ഷേ, സത്യത്തിന്റെയും നീതിയുടെയും സ്രോതസ്സുകളായി ആദരിക്കപ്പെടുന്ന ജിഹ്വകൾ അവരുടെ മെഗാഫോണുകളായാലോ?!

ഏതായാലും 'ലൗ ജിഹാദി'നെയും 'റോമിയോ ജിഹാദി'നെയും കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കേരള ഹൈക്കോടതി ഉത്തരവിട്ടിരിക്കുകയാണല്ലോ. അന്വേഷണം നടക്കട്ടെ. മുസ്‌ലിം സമുദായത്തിലെ എല്ലാ വിഭാഗങ്ങളും അതിനെ സ്വാഗതം ചെയ്യുന്നേയുള്ളൂ. അന്വേഷണം സത്യസന്ധവും നീതിനിഷ്ഠവുമായിരിക്കണമെന്നു മാത്രം. ■